അൾട്ടീരിയ 2014

23 (*143) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വലിയ നഗരങ്ങൾ സൗന്ദര്യവത്ക്കരിക്കുന്നതിനുള്ള പദ്ധതികളെന്തെങ്കിലും നഗരകാര്യ വകുപ്പ് പരിഗണിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) തലസ്ഥാന നഗരത്തിന്റെ തനത് സൗന്ദര്യവും സാംസ്കാരിക പൈതൃകവും സംരക്ഷിച്ച് നിലനിർത്തുന്നതിനായി പ്രഖ്യാപിച്ച 'അൾട്ടീരിയ 2014' എന്ന പദ്ധതിയുടെ കാര്യത്തിൽ വകുപ്പിന്റെ സഹകരണം തേടിയിട്ടുണ്ടോ ;

(സി) നഗരങ്ങളുടെ വികസന പ്രക്രിയയിൽ അവയുടെ തനത് സൗന്ദര്യവും പഴമയും സാംസ്കാരിക പൈതൃകവും നിലനിർത്തേണ്ടത് വിനോദസഞ്ചാരമുൾപ്പെടെയുള്ള മേഖലകളുടെ സമൂല വളർച്ചക്ക് അത്യന്താപേക്ഷിതമായതിനാൽ അൾട്ടീരിയ 2014 പോലുള്ള പദ്ധതികൾ വിവിധ വകുപ്പുകളുടെ സഹകരണത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) പ്രത്യേകിച്ച് പദ്ധതിയൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) 'അൾട്ടീരിയ 2014' എന്ന പേരിലുള്ള ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള പാതയുടെ ഇരുവശത്തുമുള്ള ചുവരുകൾ പ്രഗത്ഭരായ ചിത്രകാരൻമാരുടെ നേതൃത്വത്തിൽ ചുവർ ചിത്രങ്ങളാൽ അലങ്കരിച്ച് നഗര സൗന്ദര്യം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ച് അൾട്ടീരിയ 2014 എന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം ടൂറിസം വകുപ്പ് പരിശോധിച്ചു വരുന്നു.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly